DESPATCHED
on 23/06/2020

17/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2270(*2*)/*2015*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.15490/*എസ്.ഐ.സി-ജി 6/15*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.മാമ്പഴക്കര സോമൻ**
**നെയ്യാറ്റിൻകര നഗരസഭ മുൻ കൗൺസിലർ**
**പെരുമ്പഴുതൂർ പി.ഒ, നെയ്യാറ്റിൻകര**
**തിരുവനന്തപുരം-695 125** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ്**
**അസിസ്റ്റന്റ്അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**റീജണൽ കാൻസർ സെന്റർ**
**പി.ഒ ബോക്സ് നം.2417, മെഡിക്കൽ കോളേജ് ക്യാംപസ്**
**തിരുവനന്തപുരം-695 011** }

**എതിർകക്ഷികൾ**

2. **അപ്പീൽ അധികാരി ആന്റ് മെഡിക്കൽ സൂപ്രണ്ട്**
**റീജണൽ കാൻസർ സെന്റർ**
**പി.ഒ ബോക്സ് നം.2417, മെഡിക്കൽ കോളേജ് ക്യാംപസ്**
**തിരുവനന്തപുരം-695 011**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.07.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.07.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 30.09.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.09.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 29.09.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.10.2015,11.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28.10.2015,27.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 18.06.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ സി.ഷിജിൻ രാജ് ആർ. സി.സി. യിൽ 2007 പതിനൊന്നാം മാസം 21–ാം തിയതി നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സ് പഠിക്കാൻ ചേരുകയുണ്ടായിയെന്നും, ഒരു വർഷം തികഞ്ഞപ്പോൾ ഒരു വർഷ കോഴ്സിന്റെ പരീക്ഷ എഴുതിയെന്നും, ആ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഒരു വർഷ കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കന്റെ പകർപ്പും, ടിയാൻ തുടർന്നുള്ള ഒരു വർഷ ട്രെയിനിംഗ് പിരീഡിൽ ഏഴുമാസം പൂർത്തീകരിച്ചുവെന്നും, ആക്സിഡന്റിൽപെട്ട തുകൊണ്ട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ ആയതുകൊണ്ട് വരാൻ കഴിയാതെ യായിയെന്നും, ടിയാൻ 7 മാസം ട്രെയിനിംഗ് നടത്തിയിരുന്നു എന്ന് കാണിക്കുന്ന രേഖ യുടെ പകർപ്പും വേണമെന്നും, ടി സാഹചര്യത്തിൽ ഉൾപ്പെട്ട ഒരു വിദ്യാർത്ഥിയ്ക്ക് ഒരു വർഷം പഠനം പൂർത്തിയായ സർട്ടിഫിക്കറ്റും ഏഴുമാസം ട്രെയിനിംഗ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റും നൽകാൻ ബുദ്ധിമുട്ട് ഉണ്ടോയെന്നും ഉണ്ടെങ്കിൽ വിലക്ക് രേഖയുടെ പകർപ്പും ആവശ്യമാണെന്നാണ്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.07.2015 ൽ മറുപടി നൽകുകയും ടി മറു പടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 29.07.2015 ന് അപ്പീൽ നൽകുകയും 30.09.2015 ന് അപ്പീലിന് മറുപടി നൽകുകയും ചെയ്തു.
4. 28.10.2015 ന് അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയ്ക്ക് ആർ.സി.സിയിൽ നിന്നും മറുപടി നൽകിയിട്ടു ണ്ടെന്നും എന്നാൽ ആർ.സി.സിയിൽ NAT course പഠിച്ചിരുന്ന ശ്രീ.ഷിജിൻ രാജിന്റെ മാർക്ക് ലിസ്റ്റിന്റെ പകർപ്പും കോഴ്സ് സർട്ടിഫിക്കറ്റും ആവശ്യപ്പെട്ടിരുന്നുവെന്നും, മൂന്നാ മതൊരു വ്യക്തിയെ സംബന്ധിച്ച വിവരങ്ങളായതിനാൽ ടിയാന്റെ സമ്മതം വാങ്ങി

ഹർജിക്കാരന് രജിസ്ട്രേട് ആയി അയച്ചു കൊടുത്തുവെന്നും കൈപ്പറ്റിയതിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നുമാണ്.21.11.2019 ന് നൽകിയ റിപ്പോർട്ടിൽ എസ്.പി.ഐ.ഒ യും ടി കാര്യങ്ങൾ ആവർത്തിക്കുകയും വിവരങ്ങൾ നൽകിയതായി ബോധിപ്പിക്കുകയും ചെയ്തു.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷികളെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുളള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എല്ലാം നൽകിയതായി കാണുന്നതിനാൽ ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res